**സ്റ്റേറ്റ് റിസോഴ്സ് സെന്റർ, കേരളം**
**എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ്**

# ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് ആൻഡ് ഷിപ്പിംഗ് മാനേജ്മെൻറ് (DLSM)

**2025 ജൂലൈ സെഷൻ**

## പ്രവേശന പത്രിക

സ്റ്റേറ്റ് റിസോഴ്സ് സെന്റർ കേരളയുടെ ആഭിമുഖ്യത്തിലുള്ള എസ് ആർ സി കമ്മ്യൂണിറ്റി കോളേജ് 2025 ജൂലൈ സെഷനിൽ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് ആൻഡ് ഷിപ്പിംഗ് മാനേജ്മെൻറ് (DLSM) പ്രോഗ്രാമിലേക്ക് അപേക്ഷ ക്ഷണിച്ചു. ഡിപ്ലോമ പ്രോഗ്രാമിന് അപേക്ഷിക്കുന്നതിനുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത പ്ലസ്ടു അഥവാ തത്തുല്യ യോഗ്യതയാണ്. ക്ലാസുകൾ ഓൺലൈൻ ഓഫ്‌ലൈൻ എന്നിങ്ങനെ രണ്ട് രീതിയിൽ നടത്തപ്പെടുന്നതാണ്. രണ്ട് സെമസ്റ്ററുകളിലായി ഒരു വർഷമാണ് ഈ പ്രോഗ്രാമിന്റെ കാലാവധി. പ്രോഗ്രാമിന്റെ ഉള്ളടക്കത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സെമസ്റ്റർ 1

1. LS001: Introduction to Logistics and Supply Chain Management
2. LS002: Warehouse Management
3. LS003: Transportation Management
4. LSP01: Business Communication and Grooming

സെമസ്റ്റർ 2

5. LS004: Introduction to Shipping
6. LS005: Port Management and Exim Trade
7. LS006: MM Module and IT
8. LSP02: Internship/ Project

പ്രവൃത്തി ദിവസങ്ങളിൽ നേരിട്ടും ഓൺലൈനിലുമായി നടക്കുന്ന തിയറി ക്ലാസ്സുകൾ, ഓരോ വിഷയത്തിലും തയ്യാറാക്കിയിട്ടുള്ള സ്വയം പഠന സഹായികൾ, ഇന്റേൺഷിപ്പ്, ഇൻഡസ്ട്രിയൽ വിസിറ്റ് എന്നീ മാർഗ്ഗങ്ങളിലൂടെയാണ് പഠനം ക്രമീകരിക്കുന്നത്. പ്രോഗ്രാം വിജയകരമായി പൂർത്തിയാക്കുന്നതിന് 70 ശതമാനം ഹാജർ ഉറപ്പുവരുത്തണം. ഓൺലൈൻ പ്രോഗ്രാമിൽ ചേർന്ന് പഠിക്കുന്നവർ ദിവസേനയുള്ള (തിങ്കൾ മുതൽ വെള്ളി വരെ വൈകുന്നേരം 7 മുതൽ 9 വരെ) ഓൺലൈൻ സെഷനുകളിൽ മുടക്കം കൂടാതെ പങ്കെടുക്കേണ്ടതാണ്. വ്യത്യസ്ത തൊഴിലുകളിൽ ഏർപ്പെടുന്നവർക്കും വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവർക്കും പങ്കെടുക്കാൻ പാകത്തിലാണ് ഓൺലൈൻ സെഷനിൽ ക്ലാസുകൾ ക്രമീകരിച്ചിരിക്കുന്നത്.

സ്റ്റഡി സെന്ററിൽ നേരിട്ടെത്തി പഠിക്കുന്നതിന് രാവിലെ 9 മണി മുതൽ 11 മണി വരെയുള്ള സമയമാണ് ക്രമീകരിച്ചിട്ടുള്ളത്. വിവിധ തൊഴിലുകളിൽ ഏർപ്പെടുന്നവർ, മറ്റുമേഖലയിൽ പ്രവർത്തിക്കുന്നവർ നേരിട്ടുള്ള ക്ലാസ്സുകളിൽ പങ്കെടുക്കാൻ താൽപര്യപ്പെടുന്ന പക്ഷം രാവിലെ 6.30 മുതൽ 8.30 വരെ നേരിട്ടുള്ള ക്ലാസ്സുകൾ ക്രമീകരിക്കുന്നതാണ്. ആദ്യത്തെ സെമസ്റ്ററിൽ മൂന്നു മുതൽ അഞ്ചു ദിവസം നീണ്ടുനിൽക്കുന്ന ഇൻഡസ്ട്രിയൽ വിസിറ്റ് സർട്ടിഫിക്കറ്റ് പ്രോഗ്രാമിന്റെ ഭാഗമായി പൂർത്തിയാക്കി അത് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കണം. രണ്ടാം സെമസ്റ്ററിൽ ലോജിസ്റ്റിക്സുമായി ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും 15 ദിവസത്തെ ഇന്റേൺഷിപ്പ് പൂർത്തിയാക്കി ഇത് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കണം.

പ്രോഗ്രാം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ലോജിസ്റ്റിക്സ് മേഖലയിൽ ഡോക്യുമെന്റേഷൻ എക്സിക്യൂട്ടീവ്, ഇൻവെന്ററി സ്പെഷ്യലിസ്റ്റ്, ഫ്രൈറ്റ് ഫോർവേഡർ, കസ്റ്റംസ് ബ്രോക്കർ, ലോജിസ്റ്റിക് ടീം ലീഡർ, സപ്ലൈ ചെയിൻ അനലിസ്റ്റ്, ലോജിസ്റ്റിക്സ് കോഡിനേറ്റർ, വെയർഹൗസ് എക്സിക്യൂട്ടീവ് എന്നീ തൊഴിലുകൾ ചെയ്യാനുള്ള പ്രാവീണ്യം ലഭിക്കും. തിരുവനന്തപുരത്ത് പട്ടം ആസ്ഥാനമായി പ്രവർത്തിക്കുന്ന സിയോൺ എഡ്യൂക്കേഷൻ ആണ് ലോജിസ്റ്റിക്സ് ആൻഡ് ഷിപ്പിംഗ് മാനേജ്മെന്റ് പ്രോഗ്രാമിന്റെ നോഡൽ പഠന കേന്ദ്രം (7736633488, 7736699488).

ഡിപ്ലോമ കോഴ്സിൽ ചേരുന്നതിനുള്ള ഫീസ് 80000/- രൂപയാണ്. എട്ട് തവണയായി ഫീസ് അടക്കുന്നതിന് സൗകര്യമുണ്ട്. ആദ്യ തവണത്തേക്ക് അപേക്ഷ ഫീസിനത്തിൽ 200/- രൂപ കൂടി ചേർത്ത് 10200/- രൂപയും തുടർന്ന് ഏഴു തവണയായി 10000 രൂപ വീതവുമാണ് ആകെ പ്രോഗ്രാം ഫീസിനത്തിൽ അടക്കേണ്ടത്. ആപ്ലിക്കേഷൻ ഓൺലൈനായി സമർപ്പിക്കുന്നതിന് https://app.srccc.in/register എന്ന ലിങ്കിലൂടെ കഴിയും. https://srccc.in/download എന്ന ലിങ്കിൽ നിന്നും അപേക്ഷാഫാറം ഡൗൺലോഡ് ചെയ്തും അപേക്ഷിക്കാവുന്നതാണ്. അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി 2025 ജൂൺ 30 ആണ്. വിശദവിവരങ്ങൾ തിരുവനന്തപുരം നന്ദാവനത്തുള്ള എസ്.ആർ.സി. ഓഫീസിൽ നിന്ന് നേരിട്ടും ലഭിക്കും. വിലാസം ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, നന്ദാവനം, വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം-33. ഫോൺ നം: 04712325101, 8281114464. വിശദാംശങ്ങൾ www.srccc.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്. ജില്ലകളിലെ പഠനകേന്ദ്രങ്ങളുടെ വിശദാംശങ്ങളും ബന്ധപ്പെടേണ്ട ഫോൺ നമ്പറുകളും ചുവടെ ചേർക്കുന്നു.

| **Contact Details of Study Centres offering Diploma in Logistics and Shipping Management (DLSM)** | | |
|---|---|---|
| 1 | Thiruvananthapuram | ZIYON Education, 3rd Floor, F Square, Pattom-Kesavadasapuram road, Pattom P. O., Thiruvananthapuram, Pin-695004, Mob: Tel: 7736633488, 7736699488 |

Sd/-
**ഡയറക്ടർ**